## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 130 08.06.2018-ൽ മറുപടിയ്ക്ക്

## വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br><br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എം. നൗഷാദ് | | മറുപടി<br><br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം എത്ര ശതമാനമാണ്; എത്ര സ്ഥാപനങ്ങൾ മുഴുവൻ പദ്ധതിവിഹിതവും വർഷാവസാനത്തിന് മുൻപുതന്നെ വിനിയോഗിക്കുന്നതിൽ വിജയിച്ചു; | (എ) | വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കുന്നതിനായി 2017-18, 2018-19 വാർഷിക പദ്ധതി രൂപീകരണ, സബ്സിഡി മാർഗ്ഗരേഖകൾ സമയബന്ധിതമായി തയ്യാറാക്കി ഉത്തരവുകളായി പുറപ്പെടുവിച്ചു. ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും , മന്ത്രിതലത്തിലും അവലോകനം നടത്തി. വകുപ്പ് മന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും, നിർവ്വഹണ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന ഭാരവാഹികൾ ആസൂത്രണ സമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി അവലോകനം നടത്തി. വകുപ്പ് തലത്തിലും, കോർഡിനേഷൻ കമ്മിറ്റിയും നിരന്തരമായി അവലോകനം നടത്തി പുരോഗതി വിലയിരുത്തി. ഇതിലൂടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് സാധിച്ചു. കൂടാതെ തദ്ദേശസ്ഥാപനതലത്തിൽ ആസൂത്രണ |

| | | | |
|---|---|---|---|
| | | | സമിതികൾ രൂപീകരിക്കുകയും. മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങളും സംയോജന-ഏകോപന സാധ്യതകൾക്കുമായി 14 ജില്ലകളിലും ജില്ലാപദ്ധതികൾ തയ്യാറാക്കുകയുമുണ്ടായി. തദ്ദേശ സ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ ഗുണനിലവാരവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല വിദഗ്ധ സമിതികൾ രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2017-18 ലെ പദ്ധതി ചെലവ് 85.43 ശതമാനം ആണ്.<br>220 തദ്ദേശഭരണസ്ഥാപനങ്ങൾ 100 ശതമാനം പദ്ധതി തുക വിനിയോഗിക്കുന്നതിൽ വിജയിച്ചു. |
| (ബി) | 2018-19 വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ പുരോഗതി അറിയിക്കാമോ; നൂറു ശതമാനം പദ്ധതികൾക്കും അംഗീകാരം നേടിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇതിനോടകം 2018-19 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുണ്ട്. |
| (സി) | പദ്ധതികൾ സമ്പൂർണ്ണമായും സമയബന്ധിതമായും പൂർത്തിയാക്കാൻ വേണ്ടി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | (സി) | • 2018 – 19 വാർഷിക പദ്ധതി നിർവഹണം സംബന്ധിച്ച് പദ്ധതി നിർവ്വഹണ കലണ്ടർ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>• ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പദ്ധതി നിർവഹണം അവലോകനം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>• 2018-19 വാർഷിക പദ്ധതി നിർവ്വഹണം സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സംസ്ഥാന തലത്തിൽ വെർച്ചൽ ക്ലാസ്സ് മുഖേന പരിശീലനം നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ